**മധുരമായ കുട്ടികളെ - സിരസ്സിൽ വികർമ്മങ്ങളുടെ ഭാരം വളരെയധികമുണ്ട്, അതിനാൽ ഇപ്പോഴും ശാരീരിക രോഗങ്ങളും മറ്റും വരുന്നു, എപ്പോൾ കർമ്മാതീതമാകുന്നുവോ അപ്പോൾ കർമ്മഭോഗം തീരും.**

**ചോദ്യം -** എല്ലാവരുടെയും ശ്രദ്ധ ആകർഷിക്കുന്നതിന് വേണ്ടി ഈ യൂണിവേഴ്സിറ്റിയുടെ പേര് ഏതൊന്നായിരിക്കണം?

**ഉത്തരം -** സത്യം സത്യമായ ജ്ഞാന വിജ്ഞാന ഭവൻ, പാണ്വ ഭവൻ. ജ്ഞാനം അർത്ഥം അറിവിലൂടെ സമ്പത്ത്, വിജ്ഞാനം അർത്ഥം യോഗത്തിലൂടെ ആരോഗ്യം ലഭിക്കുന്നു അതും 21 ജന്മത്തേക്ക്. അതിനാൽ നിങ്ങൾ കുട്ടികൾ മനുഷ്യർക്ക് മുക്തി ജീവൻ മുക്തി നൽകുന്നതിന് വേണ്ടി ജ്ഞാന യോഗത്തിന്റെ പ്രദർശിനി വെക്കണം. ജ്ഞാന വിജ്ഞാന ഭവനമെന്ന പേരിലൂടെ എല്ലാവരുടെയും ശ്രദ്ധയുണ്ടാകും.

**ഗീതം -** നമ്മുടെ തീർത്ഥസ്ഥാനം വേറിട്ടതാണ്......

**ഓം ശാന്തി.** ഈ ഗീതത്തിൽ ഒരു വരിയിലുണ്ട് - നാല് ഭാഗത്തും ചുറ്റി കറങ്ങണം.... തീർത്ഥസ്ഥാനങ്ങളിൽ മനുഷ്യർ നാലു ധാമങ്ങളിലും ചുറ്റികറങ്ങുന്നു. അവർ എന്തിനാണ് കറങ്ങുന്നത്? (ഇത് ചക്രത്തിന്റെ കറക്കമാണ്, സത്യ- ത്രേതായുഗം മുതലായവയുടെ) ഇത് കറങ്ങലാണ്. ബാബയെ എത്ര ഓർമ്മിക്കുന്നുവോ, ചക്രം കറക്കുന്നുവോ അത്രയും തന്നെ വികർമ്മം വിനാശമാകും. അതിനാൽ ബാബയെ വളരെയധികം ഓർമ്മിക്കേണ്ടതുണ്ട് എന്തുകൊണ്ടെന്നാൽ സിരസ്സിൽ വികർമ്മങ്ങളുടെ ഭാരം വളരെയധികമുണ്ട്. ശാരീരിക രോഗങ്ങളാണെങ്കിലോ അവസാനം വരെ ഉണ്ടാകുന്നു. കർമ്മഭോഗമാണെങ്കിൽ അവസാനം വരെ ഉണ്ടാകും, ഇത് അടയാളമാണ്. ഏതുവരെ കർമ്മാതീത അവസ്ഥയിലെത്തുന്നില്ലയോ അതുവരെ ഏതെങ്കിലും തരത്തിലുള്ള ദു:ഖമുണ്ടായികൊണ്ടിരിക്കുന്നു. അവസാനം ഇതെല്ലാം അവസാനിക്കും. നമുക്ക് മുഖ്യമായത് ജ്ഞാനവും യോഗവുമാണ്. ഡൽഹിയിൽ ജ്ഞാന വിജ്ഞാന ഭവനമുണ്ട്. സത്യം സത്യമായ ജ്ഞാന വിജ്ഞാന ഭവനമിതാണ്. ജ്ഞാനം അർത്ഥം അറിവ്, ജീവൻമുക്തി. വിജ്ഞാനം(യോഗം) അർത്ഥം മുക്തി. യോഗത്തെ വിജ്ഞാനമെന്ന് പറയുന്നു. യോഗത്തിലൂടെ മുക്തി, ജ്ഞാനത്തിലൂടെ ജീവൻമുക്തി. അതിനാൽ ജ്ഞാന വിജ്ഞാന ഭവനം, അത് ഇവർക്ക് മനസ്സിലാക്കികൊടുക്കേണ്ടതായി വരും. അതിനാൽ ജ്ഞാന യോഗത്തിന്റെ പ്രദർശിനി വെക്കണം - ആ ജ്ഞാന വിജ്ഞാന ഭവനത്തിൽ, എല്ലാവരും വിദേശികളും വന്ന് ഭാരതത്തിന്റെ ഈ സഹജ യോഗവും ജ്ഞാനവും മനസ്സിലാക്കും. മനുഷ്യരാണെങ്കിൽ പരമാത്മാവിനെ സർവ്വ വ്യാപിയെന്ന് പറയുന്നു. എങ്ങനെയാണോ നമ്മൾ എഴുതുന്നത്, യഥാർത്ഥ ഗീത എന്ന്, അതുപോലെ എഴുതേണ്ടി വരും- ജ്ഞാന വിജ്ഞാന ഭവൻ. ബാബ നിർദ്ദേശം നൽകുകയാണ് യഥാർത്ഥ ജ്ഞാന വിജ്ഞാന ഭവൻ, പാണ്ഡവ ഭവനെന്ന പേരിടൂ, അപ്പോൾ ക്ലിയറാകും. പിന്നീട് ഒപ്പം ഇതും എഴുതൂ, ജ്ഞാനത്തിലൂടെ ജീവൻ മുക്തി, സദാ സമ്പന്നരും വിജ്ഞാനം അഥവാ യോഗത്തിലൂടെ സദാ ആരോഗ്യമുള്ളവരുമായി എങ്ങനെ മാറാം, അത് വന്ന് മനസ്സിലാക്കൂ. എപ്പോൾ മനസ്സിലാക്കുന്നുവോ അപ്പോൾ പറയും ദേവീ ദേവതാ പദവിയിലൂടെ സുഖവും ശാന്തിയും പ്രാക്ടിക്കലായി ലഭിച്ചുകൊണ്ടിരിക്കുന്നുവെന്ന്. ഒരാൾക്ക് മനസ്സിലാക്കി കൊടുക്കുന്നതിന്റെ കാര്യമല്ല. ഇതിൽ പ്രദർശിനിയും മേളയും വെക്കൂ അപ്പോൾ ആയിരങ്ങൾ വന്ന് മനസ്സിലാക്കും. ബാബ യുക്തി പറഞ്ഞു തരുകയാണ്, വേഗം തുണിയിൽ പ്രിന്റ് ചെയ്തു തൂക്കിയിട്ടു. ഉണ്ടാക്കാൻ ഒരു താമസവുമില്ല. നമുക്ക് അനേകം ചിത്രങ്ങളുണ്ട്. ആര് തന്നെ വിദേശിയാണെങ്കിലും സ്വദേശിയാണെങ്കിലും വന്ന് മനസ്സിലാക്കും. ബാബ പറയുന്നു സൃഷ്ടി ചക്രത്തിന്റെ വളരെ വലിയ ചിത്രമുണ്ടാക്കണം, അത് കൂടാതെ വിരാട രൂപത്തിന്റെ ചിത്രവും വേണം. മുകളിൽ കുടുമ. കേവലം ശിവനില്ല, ത്രിമൂർത്തിയാണെങ്കിൽ തീർച്ചയായും വേണം എന്തുകൊണ്ടെന്നാൽ തെളിയിക്കണം ബ്രഹ്മാവിലൂടെ സ്ഥാപന. ഈ ബ്രാഹ്മണർ തന്നെയാണ് പുനർ ജന്മത്തിൽ വരുന്നത്. ബ്രാഹ്മണനിൽ നിന്ന് ദേവത, ദേവതയിൽ നിന്ന് ക്ഷത്രിയൻ..... ഈ നല്ല ചിത്രമുണ്ടാക്കി അടുത്ത് വെക്കണം. അപ്പോൾ മനസ്സിലാക്കി കൊടുക്കുന്നത് സഹജമാകും. ഈ ജ്ഞാന-യോഗത്തിലൂടെ എങ്ങനെയാണ് സ്വർഗ്ഗമുണ്ടാകുന്നത്, ഈ ബ്രാഹ്മണർ ദത്തെടുക്കപ്പെട്ടവരാണ്. പ്രജാപിതാ ബ്രഹ്മാവിലൂടെ ബ്രാഹ്മണരെ രചിക്കുന്നു. മനസ്സിലാക്കി കൊടുക്കാൻ യുക്തി വേണം. എല്ലാവർക്കും സന്ദേശം അയക്കണം. ചിത്രങ്ങളിലൂടെ മനസ്സിലാക്കി കൊടുക്കാൻ വളരെ സഹജമാണ്. പരംപിതാ പരമാത്മാവിലൂടെ രാജയോഗം പഠിച്ച് പുതിയ രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. കോടിയിൽ ചിലരാണ് ഈ ബ്രഹ്മാകുമാരനും കുമാരിയുമാകുന്നത്. അവരിലും ആശ്ചര്യത്തോടെ വരും, കേൾക്കും, പറയും പിന്നീട് ഓടി പോവുകയും ചെയ്യുന്നു. ഇവിടെ നിർദ്ധനരുമുണ്ട് സമ്പന്നരുമുണ്ട് ഇടത്തരക്കാരുമുണ്ട്. സമ്പന്നർ പെട്ടെന്ന്

എടുക്കുകയില്ല.

ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് ജ്ഞാന യജ്ഞത്തിൽ അനേക തരത്തിലുള്ള വിഘ്നങ്ങളുണ്ടാകും. വളരെ അത്യാചാരമുണ്ടാകും. കാമത്തിലൂടെയും ക്രോധത്തിലൂടെയുമാണല്ലോ. വിഷം ലഭിക്കാത്തതു കാരണം അടിക്കുന്നു. കന്യകമാരെയും വിവാഹത്തിന് വേണ്ടി ഒരുപാട് അടിക്കുന്നു. ബാബയാണെങ്കിൽ പറയുകയാണ് ആര് ശ്രീമതത്തിലൂടെ നടക്കുന്നുവോ അവർ ശ്രേഷ്ഠാചാരിയായി മാറും. ബാബ വരുന്നത് തന്നെ പതിതമായ ഭ്രഷ്ടാചാരീ ലോകത്തിലാണ്. ഈ രാവണ രാജ്യത്തിൽ ആദ്യം കാമം മഹാ ശത്രുവാണ്. ശ്രേഷ്ഠാചാരിയായ രാജ്യത്തെ സമ്പൂർണ്ണ നിർവികാരീ രാജ്യമെന്ന് പറയുന്നു. അവിടെ വികാരമുണ്ടായിരിക്കില്ല. അവിടെ അപ്പോൾ എങ്ങനെ ജനനമുണ്ടാകുമെന്ന ചോദ്യവുമുണ്ടാകുന്നില്ല. രാമ രാജ്യത്തിൽ വിഷം ഉണ്ടാവുക തന്നെയില്ല. ഇതാണെങ്കിൽ രാവണ രാജ്യമാണ് അതുകൊണ്ടാണ് രാവണനെ കത്തിക്കുന്നത്. ഈ സമയം ആരും തന്നെ ശ്രേഷ്ഠാചാരിയാവാൻ സാധിക്കില്ല. ശ്രേഷ്ഠാചാരിയാക്കി മാറ്റുക – ഒരു പരംപിതാ പരമാത്മാവിന്റെ മാത്രം ജോലിയാണ്. സ്വർഗ്ഗം തന്നെയാണ് നിർവികാരീ ലോകം. അവിടെ വിഷം ഉണ്ടായിരിക്കുകയേയില്ല എന്തുകൊണ്ടെന്നാൽ രാവണ രാജ്യമേയല്ല.

ഇപ്പോൾ നിങ്ങൾ രാജ്യം നേടുകയാണ് – യോഗബലത്തിലൂടെ. രാവണന്റെ അന്ത്യം ഇപ്പോൾ ഉണ്ടാവുക തന്നെ വേണം, ഇപ്പോൾ സംഗമമാണ്. ഇപ്പോൾ നിങ്ങൾ സമ്പൂർണ്ണരായി മാറികൊണ്ടിരിക്കുകയാണ്. സത്യയുഗത്തിന്റെ തുടക്കത്തിൽ അവിടെ ഒരു വികാരി പോലുമുണ്ടാവുക സാധ്യമല്ല. സംഗമത്തിൽ രണ്ടുമുണ്ടല്ലോ. ചെളി വെള്ളവും നല്ല വെള്ളവും, അതിന്റെ തന്നെയാണ് സംഗമമെന്ന് പറയുന്നത്. ചെളി എപ്പോൾ പോകുന്നുവോ പിന്നീട് കാണാൻ പോലും കഴിയില്ല. അതിനാൽ ഇപ്പോൾ ലോകത്തിന്റെയും സംഗമമാണ്. ആത്മാവിന്റെയും പരമാത്മാവിന്റെയും സംഗമമാണ്. ബാക്കി നദിയുടെയും സാഗരത്തിന്റെയും സംഗമമാണെങ്കിൽ പരമ്പരയായി നടന്നു വരുന്നു. നദിയാണെങ്കിൽ സാഗരത്തിയാണ് ചെന്ന് ചേരുക. ബാക്കി വെള്ളത്തിന്റെ വ്യത്യാസമൊന്നുമുണ്ടാകുന്നതേയില്ല. ബാബക്കല്ലാതെ വേറെ ഒരു മനുഷ്യനും ത്രികാല ദർശി, ത്രിലോകീ നാഥനായി മാറാൻ കഴിയില്ല. നിങ്ങളും ത്രികാല ദർശിയും ത്രിലോകീ നാഥനുമായി മാറും. കൃഷ്ണനെ പോലും പറയാൻ സാധിക്കില്ല. ത്രിലോകീ നാഥൻ, മൂന്ന് കാലങ്ങളെ അറിയുന്നത് ഒരാൾക്ക് മാത്രമാണ്. ത്രിലോകീ നാഥൻ, ത്രികാല ദർശി പരംപിതാ പരമാത്മാവല്ലാതെ വേറെയാരുമല്ല. ലക്ഷ്മീ നാരായണനു പോലും മൂന്ന് ലോകങ്ങളുടെ അഥവാ മൂന്ന് കാലങ്ങളുടെ അറിവില്ല. ആദി മധ്യ അന്ത്യത്തിന്റെയും ജ്ഞാനമില്ല. ഇപ്പോഴാണെങ്കിൽ നമ്മുടെയടുത്ത് മുഴുവൻ ജ്ഞാനവുമുണ്ട്. ത്രിലോകത്തിന്റെയും ജ്ഞാനമുണ്ട്, എന്താണോ ബാബയുടെ ടൈറ്റിൽ അത് ബ്രാഹ്മണർക്കും ലഭിക്കുന്നു. ദേവതകൾക്കും ഈ ജ്ഞാനമില്ല. നിങ്ങൾ വളരെ ഉയർന്നവരാണ്, ഏത് കുട്ടികളാണോ സ്വയം ത്രിലോകീ നാഥൻ, ത്രികാല ദർശിയെന്ന് മനസ്സിലാക്കുന്നത് അവരാണെങ്കിൽ മറ്റുള്ളവരെ തനിക്കു സമാനമാക്കുന്നതിൽ ബിസിയായിരിക്കും. എല്ലാവർക്കും സന്ദേശം നൽകണം. എല്ലാ ധർമ്മത്തിലുള്ളവർക്കും എഴുതണം ജ്ഞാന യോഗത്തിലൂടെ എങ്ങനെയാണ് ആരോഗ്യവും സമ്പത്തും ലഭിക്കുന്നത്, വന്ന് മനസ്സിലാക്കൂ. ഡൽഹിയിൽ ജ്ഞാന വിജ്ഞാന ഭവനിലും ഈ വസ്തുവുണ്ടെങ്കിൽ എത്രയധികം വിദേശികൾ വന്ന് ജ്ഞാനം നേടും. അവസാനം അന്തിമത്തിൽ എല്ലാവർക്കും മനസ്സിലാക്കുക തന്നെ വേണം. വിനാശവും തീർച്ചയായും ഉണ്ടാവുക തന്നെ വേണം അതിനാൽ എന്തുകൊണ്ട് ബാബയെ ഓർമ്മിക്കാതിരിക്കണം അപ്പോൾ വികർമ്മവും വിനാശമാകും. അതുപോലെ ആത്മാവ് എത്രത്തോളം ശുദ്ധമാകുന്നുവോ അത്രത്തോളം ഉയർന്ന പദവിയും ലഭിക്കും. മുഴുവൻ ആധാരവും ജ്ഞാനത്തിലും യോഗത്തിലുമാണ്. മുക്തിധാമത്തിലിരിക്കുന്നവർ യോഗം മാത്രമേ ഇഷ്ടപ്പെടൂ. അവരുടെ ആത്മാവിലെ പാർട്ടും അത്തരത്തിലാണ്, അതുപോലെ ദേവീ ദേവതാ ധർമ്മത്തിലുള്ളവർ ജ്ഞാനം മാത്രമേ ഇഷ്ടപ്പെടൂ.

ദിനം പ്രതി ദിനം നിങ്ങൾ കുട്ടികളുടെ ഉന്നതിയുണ്ടാകുന്നു. നിങ്ങൾ മുകളിലേക്ക് പോയ്കൊണ്ടിരിക്കും അവർ താഴെ വീണുകൊണ്ടിരിക്കുന്നു. നിങ്ങളുടെത് കയറുന്ന കലയാണ്, ബാക്കിയെല്ലാവരുടെയും ഇറങ്ങുന്ന കലയാണ്. എല്ലാവർക്കും തിരിച്ച് പോകണം. അതാണെങ്കിൽ സാധാരണ കാര്യമാണ്. ബാക്കി സമ്പത്ത് നേടണം. ഇതും മനസ്സിലാക്കുന്നു കല്പം മുമ്പ് ആര് ഏത് പദവി നേടിയിട്ടുണ്ടോ, അപ്രകാരത്തിലുള്ളത് നേടുന്നു അതെല്ലാം സാക്ഷിയായി നോക്കികൊണ്ടിരിക്കുകയാണ്. അനേകം പേര് വരും. ദിനം പ്രതി ദിനം നല്ല നല്ല യുക്തികളും വന്നു കൊണ്ടിരിക്കുന്നു. ജ്ഞാന വിജ്ഞാന ഭവനമെന്ന പേരുണ്ട് നല്ല നല്ല ചിത്രങ്ങളുമുണ്ട്. ലോകത്തിലാണെങ്കിൽ അനേകം അനാവശ്യമായ ചിത്രങ്ങളുണ്ട് കൃഷ്ണന്റെ ചിത്രം ഇങ്ങനെ വക്രമായ വിധത്തിലെല്ലാമുണ്ടാക്കിയിരിക്കുന്നു, നിങ്ങൾക്ക് അതിന്റെയൊന്നും ആവശ്യമേയില്ല. അവിടെ ദേവതകൾ നൃത്തം ചെയ്യുന്നു, അതാണെങ്കിൽ സന്തോഷത്തിൽ കളിക്കുകയാണ്. ഈ കല മുതലായവയെല്ലാം ഇവിടുത്തെ രീതിയാണ്. അവിടെയാണെങ്കിൽ രാജകുമാരനും രാജകുമാരിയും കളിക്കുന്നു. സിനിമ മുതലായ ഒന്നും തന്നെ അവിടെയില്ല. ഈ എല്ലാ കാര്യങ്ങളും ഇവിടെ നിന്ന് തന്നെയാണ്

അറിയുന്നത്. ബാബയേയും നിങ്ങൾ തന്നെയാണ് തിരിച്ചറിയുന്നത്. മനുഷ്യരുടെ ബുദ്ധിയിൽ ഇത് ആരാണെന്ന് അറിയുകയേയില്ല! എന്തുകൊണ്ടെന്നാൽ പേര് കേട്ടിട്ടുണ്ട്, ശ്രീ കൃഷ്ണന്റെ. ചിത്രവും ഒന്നാന്തരമാണ്. പേര് തന്നെ ശ്യാമ സുന്ദരനെന്നാണ്. കാമ ചിതയിലിരുന്നപ്പോൾ ശ്യാമനായി മാറുന്നു. പിന്നീട് ജ്ഞാന ചിതയിലിരിക്കുന്നതിലൂടെ അരകല്പം വെളുത്തതായി മാറുന്നു. ബുദ്ധിയിൽ വരണം സത്യയുഗത്തിൽ 21 ജന്മം സുന്ദരനായിരുന്നു. പിന്നീട് കാമ ചിതയിലിരുന്ന് വിവിധ നാമ രൂപത്തിൽ വന്ന് കറുത്തതായി മാറുന്നു. എന്തുകൊണ്ടാണ് കറുത്തതെന്ന് അവർക്ക് മനസ്സിലാക്കാൻ കഴിയുകയില്ല. നിങ്ങൾക്കറിയാം ഇപ്പോൾ എങ്ങനെ മനസ്സിലാക്കി കൊടുക്കണം, ആരുടെ ചിത്രം നൽകണം. ശ്യാമനെന്നും സുന്ദരനെന്നും ഇവരെ തന്നെയാണ് പറയുക. രാമചന്ദ്രനെയും ശ്യാമ സുന്ദരനെന്ന് പറയുകയില്ല. അവരെ എന്തുകൊണ്ട് കറുത്തതാക്കി, ഇത് മനസ്സിലാക്കുന്നില്ല. ഈ സമയം എല്ലാവരും കറപ്പു തന്നെ കറുപ്പാണ്. ഈ മനസ്സിലാക്കാനുള്ള കാര്യങ്ങളാണെങ്കിൽ വളരെ നല്ലതാണ്. പക്ഷെ ആര് എപ്പോൾ നല്ല രീതിയിൽ മനസ്സിലാക്കും. പ്രദർശിനിയിൽ പഠിക്കാനുള്ള ചാൻസ് വളരെ നല്ലതാണ്, സംഭവ്യമാണ് നല്ല നല്ല പെൺകുട്ടികൾ മൈതാനത്തിൽ വരും. ബാക്കി മറ്റുള്ളവർ പഠിച്ചുകൊണ്ടിരിക്കും. സന്ദേശം എല്ലാവർക്കും നൽകണം. ചിലർ വേണമെങ്കിൽ നിന്ദിക്കും, നിന്ദകൾ സംഗമത്തിൽ അനുഭവിക്കുക തന്നെ വേണം. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. ശ്രീമതത്തിലൂടെ നടന്ന് ശ്രേഷ്ഠാചാരിയായി മാറണം. കാമമാകുന്ന മഹാ ശത്രുവിന് മേൽ വിജയിയായി മാറി സമ്പൂർണ്ണ നിർവികാരിയാകണം. അത്യാചാരത്തെ ഭയക്കരുത്.

2. യോഗബലത്തിലൂടെ ആത്മാവിനെ ശുദ്ധമാക്കണം. ത്രികാല ദർശി, ത്രിലോകീ നാഥനായി മാറി മറ്റുള്ളവരെ തനിക്കു സമാനമാക്കുന്നതിന്റെ സേവനത്തിൽ ബിസിയായിരിക്കണം. എല്ലാ ധർമ്മത്തിലുള്ളവർക്കും തീർച്ചയായും സന്ദേശം നൽകണം.

## വരദാനം:-സ്നേഹത്തിന്റെ റിട്ടേണായി(മറുപടി) സ്വയത്തെ ടേൺ (പരിവർത്തനം) ചെയ്യുന്ന സത്യമായ സ്നേഹികളും സമാനരുമായി ഭവിക്കട്ടെ.

ബാബക്ക് കുട്ടികളോട് അതിയായ സ്നേഹമുണ്ട്, അതിനാൽ സ്നേഹിയുടെ കുറവുകൾ നോക്കുകയില്ല. ബാബ കുട്ടികളെ തനിക്ക് സമാനം സമ്പന്നവും സമ്പൂർണ്ണവുമായിക്കാണാൻ ആഗ്രഹിക്കുന്നു. അതേ പോലെ താങ്കൾ കുട്ടികളും പറയുന്നു, ബാബക്ക് ഞങ്ങൾ സ്നേഹത്തിന് മറുപടിയായി എന്താണ് തരിക? എങ്കിൽ ബാബ കുട്ടികളിൽ നിന്ന് ഈ റിട്ടേണാണ് ആഗ്രഹിക്കുന്നത് അതായത് സ്വയത്തെ ടേൺ ചെയ്യൂ. സ്നേഹത്തിൽ കുറവുകളെ ത്യാഗം ചെയ്യൂ. ഭക്തരാണെങ്കിൽ ശിരസ്സ് മുറിച്ചുവെക്കുന്നതിന് പോലും തയ്യാറാണ്. താങ്കൾ ശരീരത്തിന്റെ ശിരസ്സ് മുറിക്കേണ്ടതില്ല, മറിച്ച് രാവണന്റെ ശിരസ്സ് മുറിക്കൂ, അല്പം പോലും കുറവുകളാകുന്ന ശിരസ്സ് കൂടെ വെക്കരുത്.

## സ്ലോഗൻ:- ഏത് കർമ്മം ചെയ്തുകൊണ്ടും സാക്ഷീസ്ഥിതിയുടെ സീറ്റിൽ ഇരിക്കൂ എങ്കിൽ ബാബ താങ്കളുടെ സാഥി (കൂട്ടുകാരൻ)യായി മാറും.

**മാതേശ്വരിജിയുടെ അമൂല്യ മഹാവാക്യങ്ങൾ-**
**"സമ്പൂർണ്ണ പുരുഷാർത്ഥത്തിന്റെ സിദ്ധി, 21 ജന്മം സുഖത്തിന്റെ നേട്ടം".**

നോക്കൂ, പരമാത്മാവിനോടൊപ്പം ഇത്രയും സമ്പൂർണ്ണ സംബന്ധം ചേർക്കണം, അതിലൂടെ 21 ജന്മത്തേക്ക് സുഖം പ്രാപ്തമാകും, ഇതാണ് പുരുഷാർത്ഥത്തിന്റെ സിദ്ധി. പക്ഷെ 21 ജന്മം എന്ന് കേട്ട് തണുത്ത് പോകരുത്. 21 ജന്മത്തേക്ക് ഈ സമയം ഇത്രയും പുരുഷാർത്ഥം ചെയ്തിട്ട് വീണ്ടും 21 ജന്മങ്ങൾക്ക് ശേഷം വീഴുക തന്നെ വേണമെങ്കിൽ എന്ത് സിദ്ധിയാണ്? പക്ഷെ ഡ്രാമക്കുള്ളിൽ ആത്മാക്കളുടെ ഇത്രയും സർവ്വോത്തമ സിദ്ധി നിശ്ചയിക്കപ്പെട്ടതാണ്, അത് ലഭിക്കുമല്ലോ. ബാബ വന്ന് നമ്മളെ സമ്പൂർണ്ണ സ്റ്റേജിൽ

എത്തിക്കുന്നു. പക്ഷെ നമ്മൾ കുട്ടികൾ ബാബയെ മറന്ന് പോകുന്നു, അപ്പോൾ തീർച്ചയായും വീഴ്ച സംഭവിക്കും, ഇതിൽ ബാബയുടെ ദോഷമില്ല. ഇപ്പോൾ കുറവുകളുണ്ട് എന്നതിനാൽ നമ്മൾ കുട്ടികളുടെ സത്യ ത്രേതായുഗങ്ങളിലെ മുഴുവൻ സുഖവും ഈ ജന്മത്തെ പുരുഷാർത്ഥത്തിന്റെ ആധാരത്തിലാണിരിക്കുന്നത്, എങ്കിൽ എന്തുകൊണ്ട് സമ്പൂർണ്ണ പുരുഷാർത്ഥം ചെയ്ത് തന്റെ സർവ്വോത്തമ പാർട്ട് അഭിനയിക്കുകയും തന്റെ ഏറ്റവും നല്ല പുരുഷാർത്ഥം ചെയ്ത് പൂർണ്ണമായ സമ്പത്തെടുക്കുകയും ചെയ്തുകൂടാ. പുരുഷാർത്ഥം മനുഷ്യർ  സുഖത്തിന് വേണ്ടിത്തന്നെയാണ് ചെയ്യാറുള്ളത്, സുഖ-ദു:ഖങ്ങളിൽ നിന്ന് വേറിട്ട് നിൽക്കുന്നതിന് വേണ്ടി ആരും പുരുഷാർത്ഥം ചെയ്യാറില്ല, അത് ഡ്രാമയുടെ അന്തിമത്തിൽ പരമാത്മാവ് വന്ന് സർവ്വാത്മാക്കൾക്കും ശിക്ഷ കൊടുത്ത് പവിത്രമാക്കി പാർട്ടിൽ നിന്നും മുക്തമാക്കും, അതാണെങ്കിൽ പരമാത്മാവിന്റെ കാര്യമാണ്, പരമാത്മാവ് തന്റെ നിശ്ചയിക്കപ്പെട്ട സമയത്ത് സ്വയം വന്ന് പറഞ്ഞുതരുന്നു. ആത്മാക്കൾക്ക് വീണ്ടും പാർട്ടഭിനയിക്കാൻ വരേണ്ടതുണ്ട് എന്നിരിക്കേ, പിന്നെ എന്തുകൊണ്ട് നല്ല പുരുഷാർത്ഥം ചെയ്ത് സർവ്വോത്തമ പാർട്ടഭിനയിച്ചുകൂടാ? ഓം ശാന്തി.